# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3279 — 19.10.2016-ൽ മറുപടിക്ക്

## പട്ടിക വിഭാഗക്കാരുടെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. പി. മുഹമ്മദ് മുഹസിൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരളപ്പിറവി മുതൽ കാലകാലങ്ങളിൽ വിവിധ സർക്കാരുകൾ പല പദ്ധതികളും നടപ്പിലാക്കിയെങ്കിലും ഈ ജനവിഭാഗത്തിൻറെ ജീവിത നിലവാരത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് പട്ടികവിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരളപ്പിറവി മുതൽ കാലകാലങ്ങളിൽ വിവിധ സർക്കാരുകൾ പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഈ ജനവിഭാഗത്തിൻറെ ജീവിത നിലവാരത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വിലയിരുത്തിയിട്ടില്ല. എന്നാൽ പുരോഗതി ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. പട്ടിക വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി അവരുടെ ജീവിത നിലവാരത്തിൽ പുരോഗതി ഉണ്ടായതായി പട്ടിക വിഭാഗക്കാരുടെ സർവ്വേ റിപ്പോർട്ടിലും വിവിധ പഠന റിപ്പോർട്ടുകളിലും കണ്ടെത്തിയിട്ടുണ്ട്. |
| ബി) | പട്ടിക വിഭാഗക്കാരുടെ സർവ്വതോന്മുഖമായ പുരോഗതി നടപ്പിലാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ കടമകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനമുണ്ടോ; | ബി) | ഉണ്ട് |
| സി) | പട്ടിക വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | വകുപ്പ് മുഖാന്തിരം അനുവദിച്ച് നൽകുന്ന വിവിധ പദ്ധതികളുടെ ധനസഹായം ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനും ആയത് വിനിയോഗിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അവരുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി വിലയിരുത്തുകയും ചെയ്യുന്നു. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ബാങ്ക് അക്കൗണ്ട് ഉറപ്പു വരുത്തി ആനുകൂല്യങ്ങൾ അവരുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമാവധി ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിലൂടെ പദ്ധതി നടത്തിപ്പിൽ സുതാര്യത കൈവരിക്കാൻ കഴിയും. കൂടാതെ |

| | | | |
|---|---|---|---|
| | | | എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റു ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണവും സോഫ്റ്റ് വെയറിൻറെ സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിൻറെ മോണിറ്ററിംഗ് സംവിധാനവും ജില്ലാതല മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും ഊരുകൂട്ടങ്ങളുടെ പ്രവർത്തനവും സോഷ്യൽ ഓഡിറ്റും ശക്തിപ്പെടുത്തിയും പദ്ധതികളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**